LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ വില്ലേജുകളിലെ വർദ്ധിച്ച ജനസംഖ്യയും ഭൂപ്രകൃതിയും പരിഗണിച്ച് അടിയന്തിര പ്രാധാന്യം നൽകി വിഭജന നടപടികൾ തുടർന്നുവന്നിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് വില്ലേജുകളുടെ വിഭജനം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനവുമായി ബന്ധപ്പെട്ട നടപടികളിൽ തീരുമാനമാകുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

തമ്മാനിമറ്റത്തെ തൂക്കുപാലത്തിന്റെ പുനർനിർമ്മാണം

341(4351) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റവന്യൂ വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചതും 2018-ലെ മഹാപ്രളയത്തിൽ തകർന്നതുമായ പൂതൃക്ക പഞ്ചായത്തിലെ തമ്മാനിമറ്റത്ത് മൂവാറ്റുപുഴയാറിലെ തൂക്കുപാലം പുനർനിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ?

തമ്മാനിമറ്റം തൂക്കുപാലത്തിന്റെ നിർമ്മാണം ദുരന്ത പ്രതികരണ നിധി ഉപയോഗിച്ച് മൂവാറ്റുപുഴ പി.ഡബ്ല്യു.ഡി (റോഡ്സ് & ബ്രിഡ്ജസ്) വിഭാഗത്തിന്റെ കീഴിൽ Kerala Electrical and Allied Engineering Co.Ltd. (KEL), മാമലയാണ് നടത്തിയിട്ടുള്ളത്. ഇത്തരം നിർമ്മിതികൾ കേന്ദ്ര/സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡത്തിന് വിരുദ്ധമായതിനാൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും തുക വിനിയോഗിച്ചതിന് അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)ന്റെ തടസ്സവാദം നിലനിൽക്കുന്നുണ്ട്. കേന്ദ്ര/സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡ പ്രകാരം, പ്രകൃതി ദുരന്തത്തിൽ തകർന്ന തൂക്കുപാലത്തിന്റെ അടിയന്തര പുനരുദ്ധാരണം മാത്രമേ ഈ തുക വിനിയോഗിച്ച് സാധ്യമാകുകയുള്ളൂ. പുനർനിർമ്മിക്കാൻ ഈ ഫണ്ട് വിനിയോഗിക്കാൻ കഴിയുകയില്ല.

പൊതുജനങ്ങൾ നൽകിയ അപേക്ഷകൾ

342(4352) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി സബ്കളക്ടർ ഓഫീസിൽ പൊതുജനങ്ങൾ വിവിധ ആവശ്യങ്ങൾക്കായി നൽകിയ എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ?

3329 അപേക്ഷകൾ

LIBRARY ARCHIVES Kerala Legislative Assembly

(ബി) അപേക്ഷകൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ ഓഫീസ് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. താഴെപ്പറയുന്ന ബുദ്ധിമുട്ടുകൾ നിലവിൽ നേരിടുന്നുണ്ട്. വയനാട് ജില്ല മുഴുവൻ പ്രവർത്തന പരിധി ഉള്ള മാനന്തവാടി റവന്യൂ ഡിവിഷണൽ ഓഫീസിൽ 1980-ൽ നിശ്ചയിച്ച സ്റ്റാഫ് പാറ്റേണാണ് നിലവിലുള്ളത്. മറ്റ് ഓഫീസുകളിൽനിന്ന് താൽക്കാലിക അടിസ്ഥാനത്തിൽ നിയോഗിക്കുന്ന ജീവനക്കാരെ ഉപയോഗിച്ചാണ് ജീവനക്കാരുടെ അപര്യാപ്തത പരിഹരിക്കുന്നത്. റവന്യൂ ഡിവിഷണൽ ഓഫീസിന് പുറമേ സബ് ഡിവിഷണൽ മജിസ്ട്രേറ്റ് കോടതി, വൈത്തിരി താലൂക്ക് ലാൻഡ് ബോർഡ്, ഫുഡ് സേഫ്റ്റി അഡ്ജൂഡിക്കേഷൻ ഓഫീസർ, മെയിന്റനൻസ് ട്രിബ്യൂണൽ, മെമ്പർ സെക്രട്ടറി ജില്ലാ നിർമ്മിതി കേന്ദ്രം, മാനേജിംഗ് ഡയറക്ടർ, പ്രിയദർശിനി ട്രാൻസ്പോർട്ട്, പ്രിയദർശിനി പ്ലാന്റേഷൻസ്, പ്രസിഡന്റ് എൻ-ഊര് സൊസൈറ്റി എന്നീ ഓഫീസുകളും പ്രസ്തുത കാര്യാലയത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. കെട്ടിട നികുതി അപ്പീൽ, കേരള തണ്ണീർത്തട നിയമം 2008, കേരള തണ്ണീർത്തട (ഭേദഗതി) നിയമം 2018, കെ.എൽ.സി.കെ.എൽ.ആർ നിയമം എന്നിവ സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും മറ്റും ലഭിക്കുന്ന പരാതികൾ തീർപ്പാക്കുന്നതിന് സ്ഥലപരിശോധന നിർബന്ധമായതും വളരെയധികം സമയമെടുക്കുന്നതുമാണ്. കോവിഡ് സാഹചര്യത്തിൽ സബ് ഓഫീസുകളിൽ നിന്നും സമയബന്ധിതമായി റിപ്പോർട്ടുകൾ ലഭിയ്ക്കുന്നതിലെ വീഴ്ചകൾ ഫയൽ തീർപ്പാക്കുന്നതിന് കാലതാമസം ഉണ്ടാക്കുന്നുണ്ട്.

(സി) പൊതുജനങ്ങളുടെ അപേക്ഷകൾ ഏറ്റവും കൂടുതലുള്ളത് മാനന്തവാടി സബ് കളക്ടർ ഓഫീസിന്റെ ഏത് സെക്ഷനിലാണെന്ന് വ്യക്തമാക്കുമോ?

പൊതുജനങ്ങളുടെ അപേക്ഷകൾ ഏറ്റവും കൂടുതലുള്ളത് മാനന്തവാടി സബ് കളക്ടർ ഓഫീസിന്റെ "സി" സെക്ഷനിലാണ്.

(ഡി) അപേക്ഷകൾ കാലങ്ങളായി കെട്ടിക്കിടക്കുന്നത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

കോവിഡ് വ്യാപനവും നിയമസഭാ തെരഞ്ഞെടുപ്പും മൂലം നിർത്തിവച്ചിരുന്ന ഫയൽ തീർപ്പാക്കൽ അദാലത്തുകൾ ഈ മാസം മുതൽ ഓൺലൈനായി നടത്തുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്.